## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 383      28-06-2011-ൽ മറുപടിയ്ക്ക്

### ദേശീയ ഗെയിംസ് സംസ്ഥാനത്ത് നടത്തുന്നതിനുള്ള സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ: | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) അടുത്തദേശീയഗെയിംസ് സംസ്ഥാനത്ത്വച്ച്ഏത് വർഷം നടത്താനാണ് തീരുമാനമായിട്ടുളളത്; | (എ) ഇക്കാര്യത്തിൽ ഔദ്യോഗിക തീരുമാനമായിട്ടില്ല. |
| (ബി) ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഇതുവരെ ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ അനുവദിച്ച 110 കോടി രൂപയിൽ ഒന്നാംഗഡുവായി 55 കോടി രൂപ സംസ്ഥാന സർക്കാറിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുക ഉൾപ്പെടെ 88.23 കോടി രൂപ സംസ്ഥാനസർക്കാർ നാളിതുവരെ പദ്ധതിയിനത്തിലും 4.8കോടി രൂപ പദ്ധതിയേതരയിനത്തിലും നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിന് അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതിനായി ഏർപ്പെടുത്തേണ്ട സംവിധാനങ്ങൾ എന്തൊക്കെയെന്ന് സംസ്ഥാനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്. 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് എന്ന സ്ഥാപനം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എംപവേർഡ് കമ്മിറ്റി, എക്സിക്യൂട്ടീവ് കമ്മിറ്റി, വർക്ക്സ് ടെക്നിക്കൽ കമ്മിറ്റി, സ്പോർട്സ് ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. ഗെയിംസിന്റെ നടത്തിപ്പിനായി സ്റ്റേഡിയങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങളും നവീകരണങ്ങളും മേൽ പ്രസ്താവിച്ച കമ്മിറ്റികളുടെ മേൽനോട്ടത്തിൽ പുരോഗമിച്ചു വരുന്നു. ഗെയിംസ് വില്ലേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. |
| (ഡി) | നാഷണൽ ഗെയിംസ് കുറ്റമറ്റ രീതിയിൽ നടത്താൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) | ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.